

# ജന്മസാഫല്യം

എമ്മാവൂസ്
വചനദൂത്  (Vol. 10, Issue 12)

റവ. ഫാ. ജോസഫ് പത്തിപ്പറമ്പിൽ

ദൈവഹിതത്തിന്റെ ഭാഗമായുള്ള സുവ്യക്തമായ ഒരു പദ്ധതി നിറവേറ്റാൻ സമയത്തിന്റെ പൂർത്തിയിൽ പരിശുദ്ധ കന്യകാമറിയം ഈ ഭൂമിയിൽ പിറന്നു. ലോകരക്ഷകനും ദൈവത്തിന്റെ ഏകജാതനുമായ ഈശോയ്ക്ക് പിറവി കൊടുക്കാൻ ദൈവം തിരഞ്ഞെടുത്ത മറിയത്തേക്കാൾ ഭാഗ്യവതിയായി ആരുണ്ട് ഈ ഭൂമിയിൽ? (ലൂക്കാ 1: 42-43).

തന്റെ ജന്മത്തിന്റെ നിയോഗം ദൈവം വെളിപ്പെടുത്തിയപ്പോൾ അത് തിരിച്ചറിഞ്ഞ്, ആ ഹിതത്തിന് അനുസരണമുള്ളവളായി, മറിയം വിധേയപ്പെട്ടു. ആ വിധേയത്വം ലോകത്തിന് അനുഗ്രഹവഴിയായി.

എന്താണ് ഈ ജന്മത്തിന്റെ മഹത്വം? എന്തിനാണ് ഞാൻ ഈ ലോകത്ത് പിറവി കൊണ്ടത്? മറിയത്തെപ്പോലെ എനിക്കുമുണ്ടോ ഒരു ദൗത്യം സഫലമാകാൻ? എന്റെ ജന്മത്തിന് എന്തെങ്കിലും മേന്മ അവകാശപ്പെടാനുണ്ടോ? ''നീ സ്ത്രീകളിൽ അനുഗ്രഹീത'' എന്ന് എലിസബത്ത് മറിയത്തെക്കുറിച്ച് പറഞ്ഞതുപോലെ എന്റെ ജന്മവും അനുഗ്രഹീതമാണോ?

ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ തിരുവചനത്തിലൂടെ ശ്രമിക്കാം. ''അവിടുന്നാണ് എന്റെ അന്തരംഗത്തിന് രൂപം നൽകിയത്. എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്തെന്നാൽ, അവിടുന്ന് എന്നെ വിസ്മയനീയമായി സൃഷ്ടിച്ചു'' (പ്രഭാ. 139:13-14). ''ഞാൻ നിഗൂഢതയിൽ ഉരുവാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ വച്ച് സൂക്ഷ്മതയോടെ സൃഷ്ടിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ രൂപം അങ്ങേയ്ക്ക് അജ്ഞാതമായിരുന്നില്ല. എനിക്ക് രൂപം ലഭിക്കുന്നതിനു മുമ്പേ അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു. എനിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള നാളുകൾ ഉണ്ടാകുന്നതിനു മുമ്പു തന്നെ അങ്ങയുടെ പുസ്തകത്തിൽ അവ എഴുതപ്പെട്ടു'' (പ്രഭാ. 139:15-16).

പിറവി കൊള്ളുന്ന ഓരോ വ്യക്തിയും സുനിശ്ചിതമായ ഒരു ദൈവീകപദ്ധതിയുടെ ഭാഗമാണ്. പിതാവായ ദൈവത്തോടു ചേർന്നുനിന്ന്, വെളിപ്പെടുത്തപ്പെട്ട വചനങ്ങളിലൂടെ അത് തിരിച്ചറിഞ്ഞ് നിറവേറേണ്ട എന്റെ നിയോഗം കാലസമ്പൂർണ്ണതയിൽ ഞാൻ നിറവേറ്റുമ്പോൾ എന്റെ ജന്മം സഫലമായി.

എന്നാൽ, അർത്ഥവത്തും അനശ്വരവുമായ ഒരു ജന്മം വിഫലവും വികൃതവുമാക്കുന്ന ശൈലികൾ വ്യാപകമായി കാണുന്നു. വികലമായ കാഴ്ചപ്പാടുകളും മിഥ്യാവബോധങ്ങളും യഥാർത്ഥ വഴിയിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുന്നു. ഈ ലോകത്തിന്റെ വിഭ്രാന്തമകമായ വശീകരണങ്ങളിൽ അകപ്പെടുന്ന മനുഷ്യൻ ശരിയുടെ നേർരേഖകൾ തിരിച്ചറിയാൻ തത്രപ്പെടുന്നു. ആസ്വാദ്യതയുടെ ഓളങ്ങളും ആകർഷണീയതയുടെ കൗതുകവും ആകാംക്ഷയുടെ വിഫല സ്വപ്നങ്ങളും കുരുക്കുകളായി നിസ്സഹായതയുടെ നിർവികാരതയിൽ, നിരാലംബരായി പോകുന്ന എത്ര ജന്മങ്ങൾ?

അനുസരണത്തിന്റെ ഒരു സമർപ്പണം വഴി ലോകം മുഴുവന്റെയും രക്ഷയ്ക്കുള്ള വാതിലായി മാറാൻ പരിശുദ്ധ അമ്മയ്ക്കു കഴിഞ്ഞു. നിഷേധത്വത്തിന്റെ വൈരുദ്ധ്യങ്ങൾ നിഷ്ക്രിയമാക്കുകയാണ് പല ജന്മങ്ങളെയും. സാധ്യതകളുടെ സാർവ്വത്രികത മിഴി തുറന്നാലോ സാഫല്യത്തിന്റെ സാകല്യം ഫലം.

ഒരു സൃഷ്ടിക്കെങ്കിലും ജീവൻ കൊടുക്കാനാവില്ലെങ്കിൽ പിന്നെ എന്തിനീ ജീവിതം? ഒരുവൻ മതി ഒരു നവലോക നിർമ്മിതിക്ക്. മണ്ണിൽ അലിയാത്ത ഊർവ്വരത ഉലകത്തിനപ്പുറത്തേയ്ക്കുള്ള ഉണ്മയാകുവാൻ എനിക്കും നിനക്കും കഴിഞ്ഞെങ്കിൽ!